# പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1881 22/03/2012 - ൽ മറുപടിക്ക്

## അഡാക്കിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ വർക്കല കഹാർ :<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. ഹൈബി ഈഡൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഡാക്കിന്റെ നേതൃത്വത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ ജലകൃഷി വികസനം ലക്ഷ്യമാക്കി 1989-ൽ സംസ്ഥാന സർക്കാർ രൂപം നൽകി ട്രാവൻകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ആസ്ഥാനമായി ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് അഡാക്ക്. താഴെ പറയുന്നവയാണ് അഡാക്കിന്റെ മുഖ്യ പ്രവർത്തനങ്ങൾ.<br><br>1. ജലകൃഷി, വിളവെടുപ്പ്, വിപണനം എന്നിവയിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക. |

2. ചെറുകിട-നാമമാത്ര ചെമ്മീൻ കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുക.

3. പുതിയ മത്സ്യകൃഷി സാങ്കേതിക വിദ്യകൾ മത്സ്യകർഷകരിലേക്ക് പകർന്നു കൊടുക്കുക, അതിനാവശ്യമായ പ്രദർശന ഫാമുകൾ ഒരുക്കുക.

4. ഫാമുകൾ, വിത്തുല്പാദന കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

**<u>നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ</u>**

1. കുട്ടനാട്,കോൾപാടങ്ങൾ എന്നിവയിൽ നടപ്പാക്കിവരുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി.

2. പൊക്കാളി നിലങ്ങളിൽ നടപ്പാക്കി വരുന്ന പരിസ്ഥിതി സൗഹൃദ ചെമ്മീൻകൃഷി.

3. കല്ലുമ്മേക്കായ കൃഷി, കൂടുകളിലെ മത്സ്യകൃഷി.

4. വെള്ളായണി കായലിലെ സുസ്ഥിരമത്സ്യകൃഷിയും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും.

| | | | |
|---|---|---|---|
| | | | 5. മത്സ്യകേരളം പദ്ധതിയിൻകീഴിലുള്ള പാടശേഖരങ്ങളിലെ മത്സ്യകൃഷി.<br>6. മത്സ്യകേരളം പദ്ധതിക്ക് ആവശ്യമായ മത്സ്യ-ചെമ്മീൻ വിത്തുകളുടെ വിതരണം.<br>7. ആറ്റുകൊഞ്ച്, കാര ചെമ്മീൻ, കൂത്താടി ഭോജ്യ മത്സ്യങ്ങൾ (ലാർവിവോറസ് ഫിഷ്) എന്നിവയുടെ വിത്തുല്പാദനവും വിതരണവും.<br>8. പൊയ്യ (തൃശ്ശൂർ), എരഞ്ഞോളി (കണ്ണൂർ) എന്നീ സ്ഥലങ്ങളിൽ കണമ്പ്, പൂമീൻ, കരിമീൻ, ഞണ്ട് എന്നിവയുടെ പ്രദർശന ഫാമുകൾ.<br>9. ചെമ്മീൻ രോഗപരിശോധന നടത്തുന്നതിന് PCR ലാബുകൾ (പറവൂർ, കുമ്പളങ്ങി, വർക്കല).<br>10. 13-ാം ധനകാര്യ കമ്മിഷൻ ധനസഹായത്തോടെ കുട്ടനാട് പാക്കേജിൻ കീഴിലുള്ള മത്സ്യകൃഷി.<br>11. ഓടയം ഹാച്ചറിയോടനുബന്ധിച്ച് അക്വേറിയം കോംപ്ലക്സിന്റെ നിർമ്മാണം. |
| (ബി) | പ്രസ്തുത ഏജൻസിയുടെ പ്രവർത്തനം വഴി സംസ്ഥാന ഖജനാവിലേക്ക് പ്രതിവർഷം ലഭിക്കുന്ന വരവ് എത്രയാണ് ; വെളിപ്പെടുത്തുമോ ; | (ബി) | സ്വതന്ത്രചുമതലയുള്ള ഏജൻസിയായതിനാൽ വരുമാനം സംസ്ഥാന ഖജനാവിൽ നിക്ഷേപിക്കുന്നില്ല. ലഭ്യമാകുന്ന വരുമാനം ഏജൻസിയുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. |

| | |
|---|---|
| (സി) അഡാക്കിന്റെ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടി ക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടു ത്തുമോ ? | (സി) അഡാക്കിന്റെ പ്രവർത്തനം മെച്ച പ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതി നും പുതിയ പദ്ധതികൾക്ക് രൂപം നൽകിവരികയാണ്. വർക്കല ഓടയം ഹാച്ചറിയുമായി ബന്ധപ്പെട്ട് ഒരു അക്വേറിയം കോംപ്ലക്സ് നിർമ്മാണം; പൊയ്യ ഫാം, എരഞ്ഞോളി ഫാം, ഞാറയ്ക്കൽ ഫാം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികൾ തുടങ്ങിയവ ആരംഭി ക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനു പുറമേ പൊയ്യ ഫാമിൽ നെയ്തൽ പൈതൃക മത്സ്യഗ്രാമം എന്ന പേരിൽ ഒരു ടൂറിസം-കം-ഫിഷറീസ് പദ്ധതി നടപ്പാക്കുവാനും, ജലകൃഷി വികസന പദ്ധതികൾ സംസ്ഥാന ത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചുകൊണ്ട് അഡാക്കിന്റെ പ്രവർത്തന മേഖല വിപുലീകരിക്കു ന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തീകരിക്കുന്നതി ലൂടെ ഒട്ടനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അഡാക്കി ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുമെ ന്നും പ്രത്യാശിക്കുന്നു. |

സെക്ഷൻ ഓഫീസർ